(സി) കുന്നത്തൂർ മണ്ഡലത്തിൽ 2131 ഒ. എച്ച്. കണക്ഷനും 603 വെതർപ്രൂഫ് കണക്ഷനും കൊടുക്കുവാനുണ്ട്. കണക്ഷൻ നൽകുന്നതിന് സംസ്ഥാന തലത്തിൽ ലക്ഷ്യമിടുന്ന കാലപരിധി അനുസരിച്ചും സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചുമാണ് കണക്ഷനുകൾ കൊടുത്തുതീർക്കുക. ടാർജറ്റ് നിശ്ചയിച്ചവ തീർക്കാനുള്ള പോസ്റ്റുകളും കമ്പിയും ശേഖരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാറശ്ശാല സെക്ഷൻ ഓഫീസിൽ പെൻഡിങ്ങിലുള്ള വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

87 [5338] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ബോർഡിന്റെ പാറശ്ശാല സെക്ഷൻ ഓഫീസിൽ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ പെൻഡിംഗിലുണ്ട്; ഏത് തീയതി മുതലുള്ള അപേക്ഷകളാണ് ഇവ;

(ബി) ഈ സെക്ഷൻ ഓഫീസിൽ ജനറൽ കാറ്റഗറിയിലുള്ള അപേക്ഷകളിൽ ഏത് തീയതിവരെയുള്ള അപേക്ഷ പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ബി. എ. ശശികുമാർ, തച്ചോട്ടുപുത്തൻ വീട്, തളച്ചാൽവിള, ചെറുവാരക്കോണം എന്നയാൾ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതെന്നാണ്;

(ഡി) ശശികുമാറിന് വൈദ്യുതി. കണക്ഷൻ നൽകുന്നതിന് എത്ര പോസ്റ്റുകൾ ഇടേണ്ടതുണ്ട്;

(ഇ) അതിനുള്ള ചെലവ് ശ്രീ. ശശികുമാർ വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ശ്രീ. ശശികുമാറിന് കണക്ഷൻ കൊടുക്കുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്ത്;

(ജി) അദ്ദേഹത്തിന് അടിയന്തിരമായി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 ഫെബ്രുവരി മുതലുള്ള 316 അപേക്ഷകൾ പെൻഡിങ്ങിലുണ്ട്.

(ബി) 31-1-1999 വരെ.

(സി) 23-5-2000-ൽ.

(ഡി) 1 പോസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനറൽ കാറ്റഗറിയിൽ കണക്ഷൻ നൽകുന്നതിനുള്ള ചെലവ് വൈദ്യുതി ബോർഡാണ് വഹിക്കുന്നത്. ഒ. വൈ. ഇ. സി. സ്കീമിൽ ചേരുന്നതിന് അപേക്ഷിച്ചിട്ടില്ല.

(എഫ്, ജി) ശ്രീ. ശശികുമാറിനുള്ള കണക്ഷൻ നോർമൽ കാറ്റഗറി മുൻഗണനാ ക്രമമനുസരിച്ച് 282-ാമത്തേതാണ്. സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമമനുസരിച്ചും കണക്ഷൻ നൽകുന്നതാണ്.

നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള വൈദ്യുതി മോഷണ കേസുകൾ

88 [5339] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) പ്രസക്തമല്ല.

മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്ത നടപടി

89 [5341] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിലെ വള്ളിക്കുന്നം പഞ്ചായത്തിൽ മൂന്നുവർഷംമുമ്പ് നിർമ്മിച്ച മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ താൽപര്യപ്രകാരം പുറംപോക്ക് സ്ഥലം ഉണ്ടായിട്ടും ഒരു വ്യക്തിയുടെ വസ്തുവിൽ അസൗകര്യമായ രീതിയിൽ ഈ ലൈനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചത് സംബന്ധിച്ച് എന്തെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ;

(ഡി) ഈ ഇൻറർ ലിങ്കിംഗ് ലൈനിൽ സ്ഥാപിച്ച ട്രാസ്ഫോർമർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുവാനും ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly